പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 269

10 .03.2017-ൽ
മറുപടിയ്ക്ക്

## പട്ടയമേളകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) അർഹരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുന്നതിന്റെ ഭാഗമായി പട്ടയമേളകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) ഇതിനായി കളക്ടറേറ്റുകളിൽ ലഭ്യമായ ഭൂരഹിതരുടെ അപേക്ഷകളിൽ അടിയന്തിര നടപടി സ്വീകരിച്ച്, വിതരണം ചെയ്യുവാനുള്ള ഭൂമിയുടെ അളവും ഗുണഭോക്തൃ പട്ടികയും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) & (ബി) ഭൂരഹിതരായ എല്ലാപേർക്കും ഭൂമി വിതരണം ചെയ്യണമെന്നതാണ് സർക്കാർ നയം. നിലവിലുള്ള ഭൂരഹിതർക്ക് പട്ടയമേളകൾ ഉൾപ്പെടെ നടത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു. വിതരണം ചെയ്യുന്നതിനും ഭൂമി കണ്ടെത്തുന്നതിനും അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) ഭൂമി സംബന്ധിച്ച് ലാൻഡ് ട്രിബ്യൂണലിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 30/09/2016-ൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 17 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച അവലോകനം നടത്തുകയും 30/12/2016 വരെ തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്തിരുന്നു. ആയതു പ്രകാരം 92211 കേസുകൾ തീർപ്പാക്കുവാനുണ്ടായിരുന്നതിൽ 4774 കേസുകൾ 30/12/2016 വരെ തീർപ്പാക്കിയിട്ടുണ്ട്. തുടർന്ന് പുരോഗതി കൈവരിച്ചിട്ടുണ്ടോ എന്നത് വിലയിരുത്തുന്നതിനും 31/03/2017-നകം തീർപ്പാക്കേണ്ടുന്ന കേസുകളുടെ എണ്ണം നിശ്ചയിച്ചു നൽകുന്നതിനുമായി 15/02/2017-ൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം വിളിക്കുകയും ചെയ്തു. 2017 ജനുവരി മാസത്തിൽ 1163 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ട്രൈബ്യൂണൽ |

ഓഫീസുകളിലെ കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. ലാൻഡ് റിഫോംസ് ഹെഡിൽ നിന്നും ശമ്പളം വാങ്ങുന്നവർക്ക് മറ്റ് ജോലികൾ അനുവദിച്ച് കൊടുക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ലാൻഡ് ട്രൈബ്യൂണൽ തഹസിൽദാർമാർ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ടി ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് ലാൻഡ് ബോർഡ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കി അവലോകന റിപ്പോർട്ട് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. റവന്യു മന്ത്രി ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ കേസുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തി പര്യാപ്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| (ഡി) വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കാൻ അർഹരായ ആദിവാസികൾക്ക് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ? | (ഡി) പട്ടികവർഗ്ഗക്കാരും, മറ്റു പരമ്പരാഗത ഗോത്രവാസികളും (വനാവകാശം അംഗീകരിക്കൽ) ചട്ടങ്ങൾ 2008 പ്രകാരം ആദിവാസികൾക്ക് കൈവശരേഖയാണ് അനുവദിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ 2006-ലെ വനാവകാശ നിയമത്തിനു കീഴിലുള്ള ചട്ടത്തിൽ ഭേദഗതി വരുത്തിയാൽ മാത്രമേ കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ